പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4252 — 20.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. സി.എൻ.ജി ബസുകൾ

ചോദ്യം — ഉത്തരം

ശ്രീ. മഞ്ഞളാംകുഴി അലി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.ക്ക് എത്ര സി.എൻ.ജി. ബസുകൾ ഉണ്ട് ; ഇവ സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്നറിയിക്കാമോ; | (എ) | പരീക്ഷണാടിസ്ഥാനത്തിൽ ഓടിക്കുന്നതിനായി ഒരു സി.എൻ.ജി. ബസ് വാങ്ങിയിട്ടുണ്ട്. സി.എൻ.ജി ഇന്ധനത്തിന്റെ ദൗർലഭ്യം മൂലം സർവ്വീസ് നടത്താൻ സാധിച്ചിട്ടില്ല. |
| (ബി) | സി.എൻ.ജി. ഇന്ധനം ഉപയോഗിച്ച് പ്രവർത്തിക്കുന്ന എത്ര ബസുകൾ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; ഇതിനായി എത്ര തുക മാറ്റി വച്ചിട്ടുണ്ടെന്നറിയിക്കാമോ; | (ബി) | 2016-17–ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് 1000 സി.എൻ.ജി ബസ്സുകൾ വാങ്ങുന്നതിനായി പ്രത്യേക നിക്ഷേപ നിധിയിൽപ്പെടുത്തി കിഫ്ബിയിൽ നിന്നും 300 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് ഇതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. സി.എൻ.ജി. ലഭ്യതയുടെ പരിമിതി കണക്കിലെടുത്തുകൊണ്ടും, ബസ് ക്രൂ റേഷ്യോ പുനഃക്രമീകരിച്ചുകൊണ്ടല്ലാതെ കെ.എസ്.ആർ.ടി.സി.യുടെ പുനസംഘടന ഫലപ്രദമായി പൂർത്തിയാക്കാനാകില്ലായെന്നതുകൊണ്ടും കെ.എസ്.ആർ.ടി.സി.യ്ക്ക് 900 ഡീസൽ ബസുകൾ വാങ്ങുന്നതിനു കിഫ്ബിയിൽ നിന്നും പണം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സി.എൻ.ജി. ഇന്ധന ലഭ്യത ഉറപ്പുവരുത്തുന്നതിന് കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | സി.എൻ.ജി. ഇന്ധന ലഭ്യത ഉറപ്പ് വരുത്തേണ്ടത് ഓയിൽ മാർക്കറ്റിംഗ് കമ്പനികളാണ്. |
| (ഡി) | നിലവിലുള്ള ഇത്തരം ബസുകൾ സർവ്വീസ് നടത്താത്തതുമൂലം പ്രതിദിനം ഏകദേശം എത്ര രൂപയാണ് നഷ്ടമാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ഡി) യും (ഇ) യും | കണക്കാക്കിയിട്ടില്ല. |
| (ഇ) | ഈ നഷ്ടം നികത്തുന്നതിന് എന്ത് നടപടിയാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**